
**തെരഞ്ഞെടുപ്പ് സംവാദങ്ങളിലെ വിഭിന്ന വീക്ഷണങ്ങൾ**




# അപ്രസക്തമാകുന്ന തെരഞ്ഞെടുപ്പ് സമ്പ്രദായം

**എസ്. മുഹമ്മദ് ഇർഷാദ്**

**കഴിഞ്ഞ** ലോക്സഭാ തെരഞ്ഞെടുപ്പിനേക്കാൾ വലിയ രാഷ്ട്രീയ പ്രാധാന്യം 2019ലെ തെരഞ്ഞെടുപ്പിന് കിട്ടുന്നത് കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് ഈ സർക്കാർ നടപ്പിലാക്കിയ നയങ്ങളോടുള്ള എതിർപ്പും അതോടൊപ്പം വലിയ ഒരു സമൂഹത്തിന് നൽകിയ അരക്ഷിതാവസ്ഥകൊണ്ട് കൂടിയാണ്. അതിൽ പ്രധാനം ബി.ജെ.പി ഒരുതരത്തിലും മാറാൻ തയ്യാറല്ല എന്ന് പ്രഖ്യാപിച്ചുകൊണ്ട് അഞ്ചു വർഷംകൊണ്ട് നടപ്പിലാക്കിയ വികസനനേട്ടങ്ങളെക്കാൾ പ്രാധന്യം വർഗ്ഗീയതക്ക് നൽകുന്നത് അവരുടെ തന്നെ നയത്തിൽ അവർക്ക് വിശ്വാസമില്ല എന്നതുകൊണ്ട് കൂടിയാണ്. കാരണം വികസനം കാരണമാക്കി വോട്ടു ചോദിക്കാൻ കഴിയുന്ന ഒരു അവസ്ഥ ഉണ്ടാക്കാൻ ബി.ജെ.പിക്ക് കഴിഞ്ഞില്ല. ഇതൊരു വിജയവും കൂടിയാണ്. അതായത് ഗൗരവമായ സാമ്പത്തിക-സാമൂഹിക പ്രശ്നങ്ങൾ ഒന്നും തന്നെ തിരഞ്ഞെടുപ്പിൽ പ്രചാരണ വിഷയം ആയിത്തീരുന്നില്ല എന്നിടത്താണ് ഇതിന്റെ പ്രാധാന്യം. രാജ്യത്തെ ഭരണകക്ഷി തന്നെ ഇങ്ങനെ ഒരു ഔദാര്യം മറ്റ് പാർട്ടികൾക്ക് വച്ചുനീട്ടുന്നതോടെ തെരഞ്ഞെടുപ്പ് രംഗം ഫലത്തിൽ വൈകാരിമാവുകയും അതിന് വർഗ്ഗീയതയുടെ സ്വഭാവം ഉണ്ടാകുകയും ചെയ്തു. മതരാഷ്ട്രവാദത്തിനപ്പുറം ഒന്നും തന്നെ ഇന്ത്യൻ തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ പ്രായോഗികമല്ല എന്ന് വരുത്തിതീർക്കുക വഴി തെരഞ്ഞെടുപ്പ് രംഗം പൂർണ്ണമായും ജനാധിപത്യ വിരുദ്ധമാകുന്ന കാഴ്ചയാണ് കാണുന്നത്. കേരളവും ഈ കാര്യത്തിൽ പിന്നിലല്ല. ഇന്നലവരെ കേരളീയർ മതേതരത്തിന്റെ പ്രതീകമായി കണ്ടിരുന്ന ശബരിമല ഇന്നിപ്പോൾ കേരളീയരെ വിഭജിക്കാനുള്ള, ഭിന്നിപ്പിക്കാനുള്ള ഒരു ഉപാധിയായി മാറി. എന്നാൽ കേരളത്തിലെ പരിസ്ഥിതി പ്രശ്നങ്ങളും വെള്ളപ്പൊക്കവും മൂലം ദുരിതത്തിൽ ആയ മനുഷ്യരുടെ ജീവിതം, സാമ്പത്തിക അസമത്വം, നോട്ട് നിരോധനവും ജി.എസ്.ടിയും ഉണ്ടാക്കിയ പ്രശ്നങ്ങൾ ഇതൊന്നും ചർച്ചചെയ്യാത്ത തെരഞ്ഞെടുപ്പ് എന്നാൽ അത് നമ്മൾ പലപ്പോഴും പറയുന്ന ഫാസിസത്തിന്റെ വിജയമാണ്. ഇനി തെരഞ്ഞെടുപ്പ് ഉണ്ടാകില്ല എന്നൊക്കെ പകുതി കളിയും പകുതി കാര്യവുമായി പറഞ്ഞു കേൾക്കുന്നുണ്ട്. ഇതിൽ ഒരു വസ്തുതയുണ്ട്, കാരണം തെരഞ്ഞെടുപ്പുകൾ തന്നെ അപ്രസക്തമാകുകയും പണവും മതവും രാഷ്ട്രീയത്തെ നിയന്ത്രിക്കുന്ന അവസ്ഥ ഉണ്ടാകുകയും ചെയ്യുന്നത്തോടെ തെരഞ്ഞെടുപ്പുകൾ കേവലം ഒരു ചടങ്ങായി മാറും. അത്തരമൊരവസ്ഥ അതിവിദൂരമല്ല നമ്മുടെ നാട്ടിൽ. ■

# തുല്യപ്രാതിനിധ്യ നിഷേധത്തിനെതിരെ

**ജനസംഖ്യയിൽ** പകുതിയിലേറെ വരുന്ന സ്ത്രീകൾക്ക് തുല്യപ്രാതിനിധ്യത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിൽ പങ്കാളിത്തം നൽകാത്ത രാഷ്ട്രീയ പാർട്ടികളുടെ നിലപാടിനെതിരെ ഈ തെരഞ്ഞെടുപ്പിലും പ്രതിഷേധമുയർന്നു. തുല്യപ്രാതിനിധ്യത്തിന്റെ പ്രശ്നം ഉയർത്തിക്കാണിച്ച് 2019 ഏപ്രിൽ 17 ന് തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ വച്ച് വിപുലമായ കൺവെൻഷൻ നടന്നു. തുല്യപ്രാതിനിധ്യം ഉറപ്പുവരുത്താനുള്ള ശ്രമങ്ങൾ നടത്തുന്നതിനായി രൂപീകരിച്ച തുല്യപ്രാതിനിധ്യ പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിലാണ് കൺവെൻഷൻ സംഘടിപ്പിച്ചത്. "കേരളത്തിൽ 52%വും ഇന്ത്യയിലാകെ 50 ശതമാനത്തോളവും സ്ത്രീ വോട്ടർമാർ ഉള്ളപ്പോൾ പാർലമെന്റിലെ സ്ത്രീപ്രാതിനിധ്യം വെറും 11.5% മാത്രമാണ്. കേരളത്തിലെ ഇരുപത് പാർലമെന്റ് അംഗങ്ങളിൽ ഒരേയൊരു സ്ത്രീ മാത്രമാണുള്ളത്; അതായത് വെറും 5%. കേരള നിയമസഭയിൽ 140ൽ 8 പേർ; അഥവാ 5.7% മാത്രം. സ്ത്രീ-പുരുഷ വ്യത്യാസമില്ലാതെ എല്ലാവർക്കും തുല്യ അവസരവും തുല്യ നീതിയും വാഗ്ദാനം ചെയ്യുകയും അത് യാഥാർഥ്യമാക്കാൻ സംവരണം അടക്കമുള്ള നടപടികൾക്ക് വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുള്ള ഒരു ഭരണഘടനക്കു കീഴിലാണ് ലജ്ജാകരമായ ഈ അവസ്ഥ തുടരുന്നത്. മൂന്നിലൊന്ന് പാർലമെന്റ്-നിയമസഭാ സീറ്റുകൾ സ്ത്രീകൾക്ക് സംവരണം ചെയ്യുന്ന നിയമനിർമാണത്തിന് 1996ൽ ശ്രമം ആരംഭിച്ചതാണ്. പാർലമെന്റിൽ ബിൽ അവതരിപ്പിച്ചപ്പോൾ അത് സഭയിൽ വെച്ച് കീറിക്കളഞ്ഞും അക്രമം നടത്തിയുമാണ് അതിനെ പരാജയപ്പെടുത്തിയത്. കൂടുതൽ സ്ത്രീപ്രതിനിധികളെ ഇത്തവണയെങ്കിലും തെരഞ്ഞെടുത്തയക്കണം എന്ന് തീരുമാനിക്കാൻ കേരളത്തിലെ ഒരു രാഷ്ട്രീയ പാർട്ടിയും തയ്യാറായിട്ടില്ല. 20ൽ രണ്ട് സീറ്റിൽ മാത്രമാണ് ഓരോ മുന്നണിയും സ്ത്രീകളെ മൽസരിപ്പിക്കുന്നത്. ഇവയിൽ പലതും അതാത് മുന്നണിക്ക് സ്വാധീനമില്ലാത്ത, വിജയസാധ്യത കുറഞ്ഞ മണ്ഡലങ്ങളുമാണ്. പശ്ചിമ ബംഗാളിൽ 41 ശതമാനം സ്ത്രീകളെ മൽസരിപ്പിച്ച് തൃണമൂൽ കോൺഗ്രസും ഒഡീഷയിൽ 33 ശതമാനം പേരെ മൽസരിപ്പിച്ച് ബിജു ജനതാദളും സംവരണനിയയമത്തിനു കാത്തുനിൽക്കാതെ തങ്ങളുടെ രാഷ്ട്രീയ കടമ നിറവേറ്റുന്നത് ഇവിടത്തെ രാഷ്ട്രീയ പാർട്ടികൾക്ക് പാഠമാകേണ്ടതുണ്ട്." തുല്യപ്രാതിനിധ്യ പ്രസ്ഥാനം പറയുന്നു. ■